മംഗളം

25 August 2017

■ കര്‍ഷക–ശാസ്ത്രജ്ഞ മുഖാമുഖം പരിപാടി

# അക്വാപോണിക്സ് ഹൈഡ്രോ പോണിക്സ് കൃഷിരീതികള്‍ പരാജയം

കൊച്ചി: അക്വാപോണിക്സ്, ഹൈഡ്രോ പോണിക്സ് തുടങ്ങിയ കൃഷിരീതികള്‍ സാമ്പത്തികമായി കര്‍ഷകനു ഗുണകരമല്ലെന്നു സി.എം.എഫ്.ആര്‍.ഐയില്‍ സംഘടിപ്പിച്ച കര്‍ഷക-ശാസ്ത്രജ്ഞ മുഖാമുഖം പരിപാടിയില്‍ ശാസ്ത്രജ്ഞര്‍. ഇത്തരം ഹൈടെക് കൃഷിരീതികള്‍ക്ക് അമിത പ്രാധാന്യം നല്‍കുന്നത് സ്വാഭാവിക കൃഷിയില്‍നിന്ന് ആളുകളെ പിന്നോട്ടുവലിക്കുമെന്നും ഇവര്‍ അഭിപ്രായപ്പെട്ടു.

സി.എം.എഫ്.ആര്‍.ഐ, എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം, കേരള കാര്‍ഷിക സര്‍വകലാശാല എന്നിവിടങ്ങളില്‍ നിന്നുള്ള ശാസ്ത്രജ്ഞരും കര്‍ഷകരും തമ്മിലുള്ള മുഖാമുഖം പരിപാടിയില്‍ കര്‍ഷകരുടെ സംശയങ്ങള്‍ക്കുള്ള മറുപടിയിലാണ് അക്വാപോണിക്സ് കൃഷിരീതിക്കെതിരേ ശാസ്ത്രജ്ഞര്‍ വിമര്‍ശനമുന്നയിച്ചത്.

വലിയ റിസോര്‍ട്ടുകളിലും ഹോബിയായും മറ്റും ചെയ്യാം എന്നതിനപ്പുറം അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ് കൃഷി വലിയ സാമ്പത്തിക നഷ്ടത്തിനു വഴിവയ്ക്കുമെന്നും ശാസ്ത്രജ്ഞര്‍ അഭിപ്രായപ്പെട്ടു.

ജലാശയങ്ങളിലും കുളങ്ങളിലുമുള്ള മത്സ്യകൃഷി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതിനു പകരം ഹൈടെക് കൃഷിരീതിയിലേക്ക് മലയാളി എടുത്തുചാടുന്നതാണ് സമീപകാലത്തെ പ്രവണതയെന്ന് കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യന്‍ പറഞ്ഞു.

വ്യാവസായികാടിസ്ഥാനത്തില്‍ ജൈവവളം മാത്രം ഉപയോഗിച്ച് കൃഷി ചെയ്യുന്നതില്‍ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ശാസ്ത്രജ്ഞരുടെ നിര്‍ദേശപ്രകാരം രാസ-ജൈവവളം സംയോജിതമായി ഉപയോഗിച്ചാല്‍ അതു ആരോഗ്യത്തിന് ഹാനികരമല്ല. ജൈവവളം എന്ന പേരില്‍ വിപണിയില്‍ ലഭിക്കുന്നത് പരിശോധിച്ചാല്‍ പലപ്പോഴും രാസ-ജൈവ മിശ്രിതമായിരിക്കുമെന്നും ഡോ. ഷിനോജ് പറഞ്ഞു. സബ്സിഡി നിരക്കില്‍ ലഭിക്കുന്ന രാസവളം അമിതമായി ഉപയോഗിക്കുന്നതാണു മണ്ണിന് പ്രശ്നങ്ങളുണ്ടാക്കുന്നത്.

സംസ്ഥാനത്ത് സംയോജിത കൃഷിരീതികള്‍ പ്രോത്സാഹിപ്പിക്കണമെന്നു ഡോ. പി. മുരളീധരന്‍ പറഞ്ഞു. മൃഗസംരക്ഷണം, ബയോഗ്യാസ്, തീറ്റപ്പുല്‍ കൃഷി എന്നിവ അതിലുള്‍പ്പെടും. ഒരു കൃഷിയുടെ അവശിഷ്ടങ്ങള്‍ മറ്റൊരു കൃഷിക്ക് അസംസ്കൃത വസ്തുവായി തീരുന്നു എന്നതാണ് സംയോജിത കൃഷിയുടെ പ്രാധാന്യം വര്‍ധിപ്പിക്കുന്നത്. അതോടൊപ്പം കൃഷിയെ ലാഭകരമായ ബിസിനസായി കണ്ടാല്‍ മാത്രമേ യുവാക്കള്‍ ഇതിലേക്കു വരു എന്ന് ശാസ്ത്രജ്ഞര്‍ അഭിപ്രായപ്പെട്ടു. ഡോ. ബോബി ഇഗ്നേഷ്യസ്, ഡോ. രവി എസ്, ഡോ. പി.എ. വികാസ്, പുഷ്പരാജ് ആന്‍ജലോ, ഷോജി ജോയ് എഡിസണ്‍, പി. ശ്രീലത എന്നിവരും കര്‍ഷകരുടെ ചോദ്യങ്ങള്‍ക്ക് മറുപടി നല്‍കി. പരിപാടിയില്‍ ഇരുന്നൂറോളം കര്‍ഷകര്‍ പങ്കെടുത്തു.

കര്‍ഷകരുടെ വരുമാനം ഇരട്ടിയാക്കാന്‍ കേന്ദ്ര സര്‍ക്കാര്‍ രൂപീകരിച്ച ഏഴിന കര്‍മപരിപാടിയുടെ എറണാകുളം ജില്ലാതല പ്രഖ്യാപനവും വിശദീകരണവും രാവിലെ നടന്നു. 2022 ആകുമ്പോള്‍ വരുമാനം ഇരട്ടിയാക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കിയുള്ള ഓണ്‍ലൈന്‍ വിപണന സംവിധാനങ്ങള്‍ പ്രയോജനപ്പെടുത്തണമെന്നു കര്‍മപരിപാടിയില്‍ നിര്‍ദേശിക്കുന്നു.

കുറഞ്ഞ പലിശനിരക്കിലുള്ള വായ്പാ പദ്ധതികള്‍ കര്‍ഷകര്‍ പ്രയോജനപ്പെടുത്തണമെന്നും കര്‍മരേഖയില്‍ നിര്‍ദേശിക്കുന്നു.

ഭാരതീയ കാര്‍ഷിക ഗവേഷണ കൗണ്‍സില്‍ അസി. ഡയറക്ടര്‍ ജനറല്‍ ഡോ. പ്രവീണ്‍ പുത്ര കര്‍മപദ്ധതി പ്രഖ്യാപനവും വിശദീകരണവും നടത്തി. പരിപാടി കെ.വി. തോമസ് എം.പി ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആര്‍.ഐ ഡയറക്ടര്‍ ഡോ. എ. ഗോപാലകൃഷ്ണന്‍ അധ്യക്ഷത വഹിച്ചു. കെ.വി.കെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യന്‍, ഡോ. എന്‍. അശ്വതി എന്നിവര്‍ പ്രസംഗിച്ചു.